# കപട വിശ്വാസിയുടെ ബഹുനിറങ്ങൾ

﴿ صفات المنافقين ﴾

[ Malayalam – മലയാളം – مليالم ]

من موقع إمام المسجد


വിവർത്തനം: കബീർ എം. പറളി

مترجم: محمد كبير سلفي



المكتب التعاوني للدعوة وتوعية الجاليات بالربوة

Islamic Propagation Office in Rabwah

P.O.Box 29465 RIYADH 11457 – TEL 4454900 – 4916065

FAX: 4970126 - E-Mail: rabwah@islamhouse.com

http://www.islamhouse.com

islamhouse.com

1432 - 2011




## ഉള്ളടക്കം


1. നിഫാഖ് എന്നാൽ എന്ത്? 4
2. മുനാഫിഖുകളുടെ സുപ്രധാനമായ ചില ലക്ഷണങ്ങൾ 11
3. മനസ്സിന് രോഗം ബാധിച്ചവർ 11
4. മുസ്‌ലിഹുകളെന്നവകാശപ്പെടുന്ന മുഫ്സിദുകൾ 12
5. വക്രമനസ്കരായ മൂഢന്മാർ 14
6. കുതന്ത്രക്കാരായ വഞ്ചകന്മാർ 15
7. കരാർ ലംഘകന്മാർ 18
8. അവിശ്വാസികളുടെ മിത്രങ്ങൾ 20
9. വിശ്വാസികളുടെ സ്ഥിതിഗതികളെ നിരീക്ഷിക്കുന്നവർ 21
10. സത്യവിശ്വാസികളുടെ പ്രയാസങ്ങളിൽ ആനന്ദിക്കുന്നവർ 23
11. ഭയപ്പെടുത്തുന്നവർ 24
12. പ്രതിസന്ധികളിൽ ഓടിയൊളിക്കുന്നവർ 25
13. ത്വാഗൂത്തുകളുടെ വിധിതീർപ്പുകളെ അംഗീകരിക്കുന്നവർ 26
14. തിന്മയുടെ പ്രചാരകർ 28
15. അവസരവാദികൾ 29
16. അപവാദ പ്രചാരകർ 30

17. ഇസ്ലാമിന്റെ വക്താക്കളായി അഭിനയിക്കുന്നവർ 31
18. ഭിന്നിപ്പിന്റെ ആസൂത്രകന്മാർ 31
19. ശത്രുക്കളെ സംബന്ധിച്ച് തെറ്റായ ചിത്രം നൽകുന്നവർ 32
20. ചാരപ്പണിയും ശത്രുസേവനവും 33

*******



الحمد لله الكريم الرحمن، جزيل العطايا والإحسان، والصلاة والسـلام على نبينـا محمد خير الأنام، وعلى آله وصحبه الغر الكـرام، وعلى مـن تـبعهم واقـتفى أثـرهم بإحسان، أما بعد :

അല്ലാഹു സുബ്ഹാനഹൂ വ തആല സൂറത്തുൽ ബഖറയുടെ ആദ്യത്തിൽ മനുഷ്യരെ 1. മുഅ്മിനുകൾ, 2. കാഫിറുകൾ 3. മുനാഫിഖുകൾ എന്നിങ്ങനെ മൂന്നു തരക്കാരായി വിഭജിച്ചിട്ടുണ്ട്. മൂന്ന് തരക്കാരേയും വേർതിരിച്ചറിയാവുന്ന, അവരുടെ സ്വഭാവങ്ങളേയും അവൻ വിശദീകരിച്ചിട്ടുണ്ട്. ഈ ലേഖനത്തിൽ മൂന്നാം വിഭാഗക്കാരായ മുനാഫിഖുകളെ സംബന്ധിച്ചാണ് വിശകലനം നടത്തുന്നത്. നിഫാഖ് എന്നാൽ എന്ത്? മുനാഫിഖുകളുടെ സ്വഭാവങ്ങൾ ഏതൊക്കെ? തുടങ്ങിയ കാര്യങ്ങളെ വസ്തുനിഷ്ഠമായി വിലയിരുത്തുകയാണ് ഇതിലൂടെ.

## നിഫാഖ് എന്നാൽ എന്ത്?

നിഫാഖ് എന്ന പദത്തിന് നിർവചനം പറയുന്നിടത്ത് ഭാഷാ പടുക്കൾ പല തട്ടിലാണുള്ളത്. മണ്ണിലെ കുഴി എന്ന അർഥം വരുന്ന നഫഖിൽ നി

ന്നാണ് നിഫാഖ് ഉദ്ഭവിച്ചത് എന്ന് പറയാറുണ്ട്.ഒരു മുനാഫിഖ് തന്റെ കുഫ്റിനെ മറച്ച് ഗോപ്യമാക്കി വെക്കുന്നതിനാൽ, അവനെ മാളത്തിൽ (നഫഖിൽ) ഇറങ്ങി ഒളിച്ചിരിക്കുന്ന ഒരുത്തനോട് ഉപമിച്ചു പറയുകയാണ് ചെയ്യുന്നത് എന്നത്രെ പ്രസ്തുത നിർവചനം.

എന്നാൽ മറ്റൊരഭിപ്രായമുള്ളത്; 'നാഫിഖാഅ്' (نافقاء) എന്ന അറബീ പദത്തിൽ നിന്നാണ് നിഫാഖ് നിഷ്പന്നമായിട്ടുള്ളത് എന്നാണ്.നാഫിഖാഅ് എന്നാൽ മരുഭൂമിയിൽ കണ്ടുവരാറുള്ള ഒരു തരം എലി സമാനമായ ജന്തു (اليربوع) നിർമ്മിക്കുന്ന മാളമാണ്.ഭൂമിക്കടിയിൽ ഈ ജന്തു ഉണ്ടാക്കുന്ന മാളത്തിന് പുറത്തു പോകാനുള്ള രണ്ട് കവാടമുണ്ടായിരിക്കും. ഒരു കവാടത്തിന് ഖാസ്വിആഅ് എന്നും മറ്റേ കവാടത്തിന് നാഫിഖാഅ് എന്നും പറയുന്നു. ഒരു കവാടത്തിലൂടെ ആക്രമണമുണ്ടായാൽ, മറ്റേ കവാടത്തിലൂടെ രക്ഷപ്പെടുന്ന സ്വഭാവമാണ് ജർബൂഅ എന്ന ഈ ജന്തുവിന്റേത്. മാത്രമല്ല,ജർബൂഅ നിർമ്മിക്കുന്ന നാഫിഖാഅ് എന്ന മാളത്തിന് ഒരു പ്രത്യേകത കൂടിയുണ്ട്; പുറ



ത്തു നിന്ന് നോക്കുന്ന ഒരാൾക്ക് ഈ മാളത്തിന്റെ സാന്നിധ്യമറിയാൻ സാധിക്കുകയില്ല. കാരണം, രക്ഷപ്പെടേണ്ട സമയത്ത് തന്റെ ചുണ്ടുകൊണ്ട് തുരന്ന് പെട്ടെന്ന് പുറത്തുകടക്കാൻ പാകത്തിൽ ഒരു നേരിയ മൺപാട ബാക്കിനിർത്തിയായിരിക്കും ജർബൂഅ പ്രസ്തുത കവാടം നിർമ്മിച്ചിട്ടുണ്ടാവുക. പുറത്തു നിന്ന് നോക്കുമ്പോൾ നിരന്ന പ്രതലം, അകത്താകട്ടെ എപ്പോഴും തുറക്കാവുന്ന മാളവും! ഇവ്വിധമാണ് മുനാഫിഖിന്റേയും സ്ഥിതി; പുറമേക്ക് വിശ്വാസം പ്രകടമായിരിക്കും, ഉള്ളിലാകട്ടെ നിറഞ്ഞു നിൽക്കുന്ന കുഫ്റും!

നഫഖിൽ (മണ്ണിലെ കുഴി) നിന്നാണ് നിഫാഖിന്റെ ഉദ്ഭവം എന്നതിനേക്കാൾ അനുയോജ്യമായി തോന്നുന്നത്, ഈ പറയപ്പെട്ട വിശദീകരണമാണ്.എന്തു കൊണ്ടെന്നാൽ കുഴിയെ സംബന്ധിച്ചിടത്തോളം പുറത്തൊന്ന് അകത്തൊന്ന് എന്ന രീതിയിൽ. എന്നാൽ നാഫിഖാഅ് എന്ന ജർബൂഇന്റെ മാളത്തിന് പ്രസ്തുത സ്വഭാവമാണ് ഉള്ളത്; നിഫാഖിന്റെ അതേ സ്വഭാവം.

എന്നാൽ, നിഫാഖിന് മതപരമായ സാങ്കേതികാർഥം വേറെത്തന്നെയാണ്. മനസ്സിലുള്ള ആദർ

ശത്തിനും ആശയത്തിനും വിരുദ്ധമായി, നാവു കൊണ്ടോ, കർമ്മം കൊണ്ടോ പ്രത്യക്ഷത്തിൽ മ റ്റൊന്ന് പ്രകടിപ്പിക്കുന്നതിനാണ് ശറഇൽ നിഫാഖ് എന്ന് പറയുന്നത്.

അതായത് മനസ്സിൽ കുഫ്റ് മറച്ചുവെക്കുക യും പ്രത്യക്ഷത്തിൽ ഈമാൻ പ്രകടിപ്പിക്കുകയും ചെയ്യുന്ന രീതി. നിഫാഖിന് നൽകപ്പെട്ടിട്ടുള്ള ഈ നിർവചനം ഇസ്ലാമികമായ ഒന്നാണ്. അറബീ ഭാഷയിൽ നിഫാഖ് എന്ന പദം സുവിദിതമാണെ ങ്കിലും, അതിന് ഇത്തരം പ്രത്യേകമായ ഒരു നിർ വചനം മുമ്പ് അറബികൾക്ക് അറിയുമായിരുന്നി ല്ല.

നിഫാഖിന്റെ അടിസ്ഥാനപരമായ സ്വാഭാവം ഇതാണ്; ഒരു മുനാഫിഖിന്റെ രഹസ്യവും പരസ്യ വും വ്യത്യസ്തമായിരിക്കും, അവന്റെ ഉള്ളും പു റവും തീർത്തും അന്തരമുള്ളതുമായിരിക്കും. അ ല്ലാഹു വിശുദ്ധ ഖുർആനിൽ, വിശ്വാസികളുടെ സ്വഭാവമായി സത്യം പറയുന്നവർ എന്ന് വിശേ ഷിപ്പിച്ചപ്പോൾ മുനാഫിഖുകളുടെ സ്വഭാവമായി എടുത്തു പറഞ്ഞത് കള്ളം പറയുന്നവർ എന്നാ ണ്. അല്ലാഹു പറഞ്ഞു:



وَلَهُم عَذَابٌ أَلِيمٌ بِمَا كَانُوا يَكْذِبُونَ (البقرة :10)

കള്ളം പറഞ്ഞുകൊണ്ടിരുന്നതിന്റെ ഫലമായി വേദനയേറിയ ശിക്ഷയാണ് അവർക്കുണ്ടായിരി ക്കുക. (ബഖറ: 10)

وَاللَّهُ يَشْهَدُ إِنَّ الْمُنَافِقِينَ لَكَاذِبُونَ (المنافقون :1)

തീർച്ചയായും മുനാഫിഖുകൾ (കപടൻമാർ (ക ള്ളം പറയുന്നവരാണ് എന്ന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു.(മുനാഫിഖൂൻ: 1)

ഇത്തരം ആയത്തുകൾ ഇനിയും ധാരാളമാ യി ഉദ്ധരിക്കുവാനുണ്ട്. ചുരുക്കത്തിൽ, മനസ്സിലു ള്ളതും പുറത്ത് പ്രകടപ്പിക്കുന്നതും തമ്മിൽ യാ തൊരു ചേർച്ചയുമില്ലാത്തവരാണ് മുനാ ഫിഖുക ൾ. നാവുകൊണ്ടുള്ള അവരുടെ വാദത്തിന് യാ ഥാർഥ്യവുമായി വിദൂര ബന്ധം പോലുമുണ്ടാകി ല്ല. അത്തരക്കാരെപ്പറ്റി അല്ലാഹു പറഞ്ഞു:

وَمِنَ النَّاسِ مَن يَقُولُ آمَنَّا بِاللَّهِ وَبِالْيَوْمِ الآخِرِ وَمَا هُم بِمُؤْمِنِينَ

(البقرة : 8)

ഞങ്ങൾ അല്ലാഹുവിലും അന്ത്യദിനത്തിലും വി ശ്വസിച്ചിരിക്കുന്നു എന്ന് പറയുന്ന ചില ആളുക

ളുണ്ട്) ; യഥാർത്ഥത്തിൽ (അവർ വിശ്വാസികള ല്ല) ബഖറ: 8

ഇമാം ത്വബ്രി (ﷺ) പറയുന്നു: വിശുദ്ധ ഖുർ ആനിന്ന് വ്യാഖ്യാനമെഴുതിയ മുഴുവൻ വ്യാഖ്യാ താക്കളും പറഞ്ഞിട്ടുള്ളത്, ഈ വചനം മുനാഫി ഖുകളുടെ കാര്യത്തിൽ അവതരിച്ചിട്ടുള്ളതാണ് എന്നാണ്. എന്തു കൊണ്ടെന്നാൽ ഈ ആയത്തി ൽ പറയപ്പെട്ട സ്വഭാവം മുനാഫിഖുകളുടെ സ്വഭാ വമാണ്.

ചില കർമ്മ ശാസ്ത്ര പണ്ഡിതന്മാർ സിൻദീ ഖ് (നിരീശ്വരൻ) എന്ന പദം മുനാഫിഖിന് ഉപ യോഗിച്ചതായി കാണാം. ശൈഖുൽ ഇസ്ലാം ഇ ബ്നു തൈമിയ(ﷺ) പറയുന്നു: മുസ്ലിംകളിൽ അനറബീ പദങ്ങളുടെ സാന്നിധ്യം അധികരിച്ച പ്പോൾ, അവർ സിൻദീഖ് എന്ന പദം സാർവത്രി കമായി ഉപയോഗിക്കാൻ തുടങ്ങി. അങ്ങനെയത് കർമ്മശാസ്ത്ര പണ്ഡിതന്മാരുടെ പ്രയോഗത്തി ലും വ്യാപകമായി. സിൻദീഖിന്റെ തൗബ അല്ലാ ഹു സ്വീകരിക്കുമൊ? എന്ന ചർച്ച ഫുഖഹാക്കൾ ക്കിടയിൽ കാണാം. ഇവിടെ സിൻദീഖ് എന്നത്



കൊണ്ട് അവർ ഉദ്ദേശിച്ചിട്ടുള്ളത്, നബി(ﷺ)യുടെ കാലത്തുണ്ടായിരുന്ന, സ്വന്തം ആദർശം മറച്ചു വെച്ച് മുസ്ലിമാണെന്ന് നടിച്ച മുനാഫിഖുകളെ യാണ്. അവർ ജൂത മതക്കാരനോ, കൃസ്തു മത ക്കാരനോ, വേറെ വല്ല മതക്കാരനോ ആകാം. അ ല്ലെങ്കിൽ സ്രഷ്ടാവിനേയും, പരലോകത്തേയും, സദാചാരത്തേയും എതിർക്കുന്ന നിരീശ്വരവാദി യുമാകാം.

പരലോകത്ത് മുകല്ലിഫുകളുടെ (മതശാസന ക്ക് വിധേയമായവരുടെ) സ്ഥാനങ്ങളെപ്പറ്റിയും, അവരുടെ സംഘങ്ങളെപ്പറ്റിയും വിശദീകരിച്ച് കൊണ്ട് ഇമാം ഇബ്നുൽ ഖയ്യിം(ﷺ) എഴുതി: പ തിനഞ്ചാമത് സംഘം, സിൻദീഖുകളുടേതാണ്. മു സ്ലിംകളാണെന്നും പ്രവാചകനെ പിന്തുടരുന്നവ രാണെന്നും പ്രത്യക്ഷത്തിൽ പ്രകടപ്പിക്കുകയും, നിഷേധവും അല്ലാഹുവിനോടും റസൂലിനോടുമു ള്ള ശത്രുത മനസ്സിൽ ഗൂഢമായി സൂക്ഷിക്കുക യും ചെയ്ത ആളുകളാണ് സിൻദീഖുകൾ. ഇവർ മുനാഫിഖുകളാണ്. അവർ നരകത്തിന്റെ ഏറ്റവും താഴെത്തട്ടിലാണ് വസിക്കുക.

## മുനാഫിഖുകളുടെ സുപ്രധാനമായ ചില ലക്ഷ ണങ്ങൾ

മുനാഫിഖുകളെ വേർതിരിച്ചറിയാൻ സഹായിക്കുന്ന ഒരുപാട് ലക്ഷണങ്ങളുണ്ട്. വിശുദ്ധ ഖുർആനിൽ പലയിടങ്ങളിൽ അല്ലാഹു അവരെ സംബന്ധിച്ചുള്ള ലക്ഷണങ്ങൾ വ്യക്തമാക്കിയിട്ടുമുണ്ട്. മറ്റുള്ളവരിൽ നിന്നും മുനാഫിഖുകളെ വേർതിരിച്ചറിയാനുതകുന്ന പ്രസ്തുത അടയാളങ്ങളിൽ നിന്ന് വളരെ ഗൗരവമർഹിക്കുന്ന ചിലതാണ് താഴെ വിവരിക്കുന്നത്. മുസ്‌ലിം ഉമ്മത്തിന് നേരിടേണ്ടുന്ന മറ്റേതൊരു പ്രത്യക്ഷ ശത്രുവിനേക്കാളും അപകടകാരിയായ വിഭാഗമാണ് മുനാഫിഖുകൾ അഥവാ കപടവിശ്വാസികൾ.

## മനസ്സിന് രോഗം ബാധിച്ചവർ

സത്യവിശ്വാസികളുടെ മുമ്പാകെ സ്വന്തം നിലപാടുകളെ സത്യസന്ധമായവതരിപ്പിക്കാനുള്ള ത്രാണിയില്ലാത്തവരാണ് മുനാഫിഖുകൾ. വ്യക്തമായ വിശ്വാസ പ്രഖ്യാപനത്തിനോ, സത്യനിഷേധത്തിനോ ധൈര്യമില്ലാത്ത ദുർബലന്മാരാണ് അവർ. തങ്ങളുടെ മനസ്സിനു ബാധിച്ച രോഗമാണ്



അതിന് കാരണം. ആ രോഗമാണ് ശരിയായ ഈമാനിന്റെ മാർഗത്തിൽ നിന്നും അവരെ അകറ്റി നിർത്തുന്നതും. അല്ലാഹു പറഞ്ഞു:

فِي قُلُوبِهِم مَّرَضٌ فَزَادَهُمُ اللَّهُ مَرَضاً وَلَهُم عَذَابٌ أَلِيمٌ بِمَا كَانُوا يَكْذِبُونَ (البقرة: 10)

അവരുടെ(മുനാഫിഖുകളുടെ) മനസ്സുകളിൽ ഒരുതരം രോഗമുണ്ട്. തന്നിമിത്തം അല്ലാഹു അവർക്ക് രോഗം വർദ്ധിപ്പിക്കുകയും ചെയ്തു.കള്ളം പറഞ്ഞുകൊണ്ടിരുന്നതിന്റെ ഫലമായി വേദനയേറിയ ശിക്ഷയാണ് അവർക്കുണ്ടായിരിക്കുക. (ബഖറ: 10)

## മുസ്‌ലിഹുകളെന്നവകാശപ്പെടുന്ന മുഫ്സിദുകൾ

കാപട്യത്തെ വെല്ലുന്ന മറ്റു വല്ല കുഴപ്പവും ദുനിയാവിലുണ്ടൊ എന്നത് സംശയമാണ്. മുനാഫിഖുകൾ ദുനിയാവിലെ കുഴപ്പക്കാരാണ്. എല്ലാ നന്മയുടെ വിത്തുകളേയും നശിപ്പിച്ചു കളയാൻ, എല്ലാ മേന്മയുടെ നാമ്പുകളേയും പിഴുതുമാറ്റാൻ തക്കംപാർത്ത് അധ്വാനിക്കുന്നവരാണവർ. കാര്യ

മിങ്ങനെയാണെങ്കിലും,തങ്ങൾ സമൂഹത്തിലെ ഗുണകാംക്ഷികളാണെന്നും,മനുഷ്യരെ നന്മക്കു വേണ്ടി ശ്രമിക്കുന്നവരാണ് തങ്ങളെന്നുമാണ് അവരുടെ വാദം. സത്യത്തിൽ അവരുടെ മനോനിലക്ക് സാരമായ തകരാറുപറ്റിയിരിക്കുകയാണ്. ഗുണകാംക്ഷികളാണൊ കുഴപ്പക്കാരാണൊ എന്നറിയാനുള്ള കൃത്യമായ ദൈവിക മാനദണ്ഡത്തിൽ നിന്നും അവർ അകന്നു പോയി എന്നതാണ് അതിന് കാരണം. തങ്ങൾ സമൂഹത്തിലെ മുസ്‌ലിഹുകളാണ് എന്ന് വാദിക്കുന്ന ഇത്തരം മുഫ്സിദുകളുടെ സാന്നിധ്യം ഈ കാലഘട്ടത്തിൽ വളരെ കൂടുതലാണ്. അല്ലാഹു അവരുടെ സ്വഭാവത്തെപ്പറ്റി പറഞ്ഞു:

وَإِذَا قِيلَ لَهُمْ لا تُفْسِدُوا فِي الْأَرْضِ قَالُوا إِنَّمَا نَحْـنُ مُصْـلِحُونَ

(البقرة: 11)

നിങ്ങൾ നാട്ടിൽ കുഴപ്പമുണ്ടാക്കാതിരിക്കൂ എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ, ഞങ്ങൾ സൽപ്രവർത്തനങ്ങൾ മാത്രമാണല്ലോ ചെയ്യുന്നത് എന്നായിരിക്കും അവരുടെ മറുപടി (ബഖറ : 11)



എന്നാൽ, മുനാഫിഖുകളുടെ ഈ വാദത്തിന്റെ നിജസ്ഥിതി വ്യക്തമാക്കിക്കൊണ്ട് അല്ലാഹു പറഞ്ഞു:

أَلا إِنَّهُمْ هُمُ الْمُفْسِدُونَ وَلَكِنْ لا يَشْعُرُونَ (البقرة: 12)

എന്നാൽ യഥാർത്ഥത്തിൽ അവർ തന്നെയാകുന്നു കുഴപ്പക്കാർ. പക്ഷെ, അവരത് മനസ്സിലാക്കുന്നില്ല. (ബഖറ : 12)

അതെ, ഇസ്‌ലാഹിനോടും, മുസ്‌ലിഹുകളോടും ശത്രുതാപൂർവം പടവെട്ടുന്ന നശീകരണ പ്രിയരാണ് മുനാഫിഖുകൾ എന്ന കാര്യം അല്ലാഹു അർഥശങ്കക്കിടയില്ലാത്തവിധം വ്യക്തമാക്കുകയാണ് ഈ പ്രസ്താവനയിലൂടെ ചെയ്തിട്ടുള്ളത്.

### വക്രമനസ്കരായ മൂഢന്മാർ

സത്യവിശ്വാസികളുമായി സമ്പർക്കം പുലർത്തുമ്പോഴും മുനാഫിഖുകളുടെ നിലപാട്, ഈമാൻ ഇഖ്‌ലാസ് എന്നൊക്കെ പറഞ്ഞാൽ ഒരുതരം മൂഢത്വമാണ് എന്നാണ്. യഥാർഥത്തിൽ വഴിപിഴച്ച ഈ വർഗ്ഗത്തിന്റെ നിപാടാണ് മൂഢത്വം. കപട വിശ്വാസികളുടെ മനസ്സറിയുന്ന പടച്ചതമ്പുരാൻ

ആ കാര്യത്തെസംബന്ധിച്ച് വിശദമാക്കുന്നത് കാണുക:

وَإِذَا قِيلَ لَهُمْ آمِنُوا كَمَا آمَنَ النَّاسُ قَالُوا أَنُؤْمِنُ كَمَا آمَنَ السُّفَهَاءُ أَلا إِنَّهُمْ هُمُ السُّفَهَاءُ وَلَكِنْ لا يَعْلَمُونَ.(البقرة: 13)

മറ്റുള്ളവർ വിശ്വസിച്ചത് പോലെ നിങ്ങളും വിശ്വസിക്കൂ എന്ന് അവരോട് ആരെങ്കിലും പറഞ്ഞാൽ ഈ മൂഢൻമാർ വിശ്വസിച്ചത് പോലെ ഞങ്ങളും വിശ്വസിക്കുകയോ ?എന്നായിരിക്കും അവർ മറുപടി പറയുക. എന്നാൽ യഥാർത്ഥത്തിൽ അവർ തന്നെയാകുന്നു മൂഢൻമാർ. പക്ഷെ, അവരത് അറിയുന്നില്ല. (ബഖറ: 13)

**കുതന്ത്രക്കാരായ വഞ്ചകന്മാർ**

നെറികെട്ട കുതന്ത്രത്തിന്റെ ആളുകളാണ് മുനാഫിഖുകൾ.നിന്ദ്യത, നീചത്വം, ഭീരുത്വം, വൃത്തികേട് തുടങ്ങിയ സകല മാന ദുർഗുണങ്ങളും ഒത്തു ചേർന്ന വിഭാഗമാണിത്. അവസരത്തിനൊത്ത് നിറം മാറ്റുന്ന വഞ്ചകന്മാരാണവർ. മുഅ്മിനുകളുടെ മുന്നിൽ ഈമാനിന്റെ മുഖം മൂടിയണിഞ്ഞെത്തുന്ന ഇക്കൂട്ടർ, കാഫിറുകളുടേയും മനു



ഷ്യപ്പിശാചുക്കളുടേയും ചേരിയിലെത്തിയാൽ ആ മുഖംമൂടി അഴിച്ചു മാറ്റും. എന്നിട്ട് തങ്ങളുടെ യഥാർഥ നീചമുഖം പ്രകടമാക്കും! സത്യവിശ്വാസികളെ അപകടത്തിലാക്കുവാനും, പരമാവധി ദ്രോഹിക്കുവാനും, അങ്ങേയറ്റത്തെ ഉപദ്രവങ്ങളിലകപ്പെടുത്തുവാനുമുള്ള ശ്രമമാണ് ഇത്തരം കാപട്യം കൊണ്ട് മുനാഫികളുദ്ദേശിക്കുന്നത്. അതുകൊണ്ടു തന്നെ ഇവരെ സംബന്ധിച്ച യഥാർഥ ചിത്രം വിശദീകരിച്ചു കൊണ്ട് അല്ലാഹു പറഞ്ഞു:

وَإِذَا لَقُوا الَّذِينَ آمَنُوا قَالُوا آمَنَّا وَإِذَا خَلَوْا إِلَى شَيَاطِينِهِمْ قَالُوا إِنَّا مَعَكُمْ إِنَّمَا نَحْنُ مُسْتَهْزِئُونَ (البقرة: 14)

വിശ്വാസികളെ കണ്ടുമുട്ടുമ്പോൾ അവർ പറയും; ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന്. അവർ തങ്ങളുടെ (കൂട്ടാളികളായ) പിശാചുക്കളുടെ അടുത്ത് തനിച്ചാകുമ്പോൾ അവരോട് പറയും: ഞങ്ങൾ നിങ്ങളോടൊപ്പം തന്നെയാകുന്നു. ഞങ്ങൾ (മറ്റവരെ) കളിയാക്കുക മാത്രമായിരുന്നു. (ബഖറ: 14)

ഇതാണവരുടെ സ്വഭാവം. എന്നാൽ ശക്തമായ താക്കീതുമായി അല്ലാഹു അവരെ നേരിടുന്നുണ്ട്. ഇരുളിലുഴലുമാറ് അന്ധതയും, കനത്ത പരാ

ജയവുമായിരിക്കും അല്ലാഹു അവർക്ക് ഏറ്റി ന ൽകുന്നത്. വിചാരണനാളിൽ ഒരുമിച്ചു കൂട്ടപ്പെടു മ്പോൾ ശക്തമായ ശിക്ഷകൊണ്ട് അവരെയവൻ പിടികൂടുന്നതാണ്. ദുനിയാവിൽ തങ്ങളുടെ കാപ ട്യവുമായി വിരഹിക്കാൻ അവരെയവൻ വിടുന്ന ത്, തങ്ങളുടെ വഴിവിട്ട നിലപാടുകളും, പരിധിവി ട്ട പ്രവർത്തനങ്ങളും, കലാപങ്ങളും, വിശ്വാസിക ൾക്കെതിരിലുള്ള ശത്രുതകളും എത്രകണ്ട് അവർ ചെയ്തുകൂട്ടുന്നുണ്ട് എന്നറിയാൻ വേണ്ടി മാത്ര മാണ്. അവരെയവൻ വെറുതെ വിടുന്നതല്ല. പടച്ച വൻ അരുളി:

أُولَئِكَ الَّذِينَ اشْتَرَوُا الضَّلالَةَ بِالْهُدَى فَمَا رَبِحَتْ تِجَارَتُهُمْ وَمَا كَانُوا مُهْتَدِينَ (البقرة: 16)

സൻമാർഗം വിറ്റ് പകരം ദുർമാർഗം വാങ്ങിയവ രാകുന്നു അവർ) മുനാഫിഖുകൾ. (എന്നാൽ അ വരുടെ കച്ചവടം ലാഭകരമാവുകയോ, അവർ ല ക്ഷ്യം പ്രാപിക്കുകയോ ചെയ്തില്ല. (ബഖറ: 16)

പരലോകത്ത് നഷ്ടകാരികളിലകപ്പെടാൻ വിധിക്കപ്പെട്ട മുനാഫിഖുകൾ, ആ പരിണതിക്ക് തീർത്തും അർഹർ തന്നെ. ശരിയായ ഈമാൻ ക



യ്യെത്തും ദൂരത്തുണ്ടായിരുന്നിട്ടും, ചിന്തയേയും ബുദ്ധിയേയും തൊട്ടുരുമ്മി ഹിദായത്ത് നിലകൊ ണ്ടിട്ടും അവർ അവയെ ധാർഷ്ട്യത്തോടെ അവ ഗണിക്കുകയാണ് ചെയ്തത്. അതിനാൽ, തങ്ങൾ ക്കു വേണ്ടി സ്വയം തെരഞ്ഞെടുത്ത കൂരിരുട്ടി ന്റെ അനന്തരഫലങ്ങൾ അവർ തന്നെ ആസ്വദിച്ചു കഴിയട്ടെ. അവരുടെ ദുനിയാവിലെ അവസ്ഥയെ പ്പറ്റി അല്ലാഹു പറയുന്നത് കാണുക:

مَثَلُهُمْ كَمَثَلِ الَّذِي اسْتَوْقَدَ نَاراً فَلَمَّا أَضَاءَتْ مَا حَوْلَهُ ذَهَبَ اللَّهُ بِنُورِهِمْ وَتَرَكَهُمْ فِي ظُلُمَاتٍ لا يُبْصِرُونَ (البقرة:17)

അവരെ ഉപമിക്കാവുന്നത് ഒരാളോടാകുന്നു: അ യാൾ തീ കത്തിച്ചു.പരിസരമാകെ പ്രകാശിതമായ പ്പോൾ അല്ലാഹു അവരുടെ പ്രകാശം കെടുത്തി ക്കളയുകയും ഒന്നും കാണാനാവാതെ ഇരുട്ടിൽ (തപ്പുവാൻ) അവരെ വിടുകയും ചെയ്തു. (ബഖ റ: 17)

## കരാർ ലംഘകന്മാർ

നന്മകൾ ചെയ്യാൻ തയ്യാറാണെന്നും, കൽപി ക്കുന്നതെന്തും കണിശമായി പാലിക്കാൻ ഒരുക്ക

മാണെന്നും അല്ലാഹുവുമായി കരാറിലേർപ്പെടാൻ മിടുക്കന്മാരാണവർ! പക്ഷെ, ഒഴിഞ്ഞ മനസ്സും, വളഞ്ഞ ബുദ്ധിയുമാണ് അവരുടേത്. സ്വന്തം പിശാചുക്കളാണ് തോളിലിരുന്നുകൊണ്ട് അവരെ നിയന്ത്രിക്കുന്നത്. അല്ലാഹുവുമായുള്ള കരാറിനെ ലംഘിക്കാൻ അവർക്ക് യാതൊരു സങ്കോചവുമില്ല. അല്ലാഹു അവരെപ്പറ്റി പ്രസ്താവിച്ചതു വായിച്ചാൽ കാര്യം ബോധ്യപ്പെടും:

وَمِنْهُمْ مَنْ عَاهَدَ اللَّهَ لَئِنْ آتَانَا مِنْ فَضْلِهِ لَنَصَّدَّقَنَّ وَلَنَكُونَنَّ مِنَ الصَّالِحِينَ فَلَمَّا آتَاهُمْ مِنْ فَضْلِهِ بَخِلُوا بِهِ وَتَوَلَّوْا وَهُمْ مُعْرِضُونَ فَأَعْقَبَهُمْ نِفَاقاً فِي قُلُوبِهِمْ إِلَى يَوْمِ يَلْقَوْنَهُ بِمَا أَخْلَفُوا اللَّهَ مَا وَعَدُوهُ وَبِمَا كَانُوا يَكْذِبُونَ (التوبة:75 و76 و77)

അല്ലാഹു അവന്റെ അനുഗ്രഹത്തിൽ നിന്ന് ഞങ്ങൾക്ക് നൽകുകയാണെങ്കിൽ തീർച്ചയായും ഞങ്ങൾ ദാനം ചെയ്യുകയും, ഞങ്ങൾ സജ്ജനങ്ങളുടെ കൂട്ടത്തിലായിരിക്കുകയും ചെയ്യുമെന്ന് അവനുമായി കരാർ ചെയ്ത ചിലരും ആ കൂട്ടത്തിലുണ്ട്. എന്നിട്ട് അവൻ അവർക്ക് തന്റെ അനുഗ്രഹത്തിൽ നിന്ന് നൽകിയപ്പോൾ അവർ അതിൽ പിശുക്ക് കാണിക്കുകയും, അവഗണിച്ചുകൊണ്ട് തിരിഞ്ഞു കളയുകയും ചെയ്തു. അവർ അവനെ കണ്ടുമുട്ടുന്ന ദിവസം (ന്യായവിധിയുടെ ദിവസം) വരെ അവരുടെ ഹൃദയങ്ങളിൽ കാപട്യമുണ്ടായിരിക്കുക എന്നതാണ് അതിന്റെ അനന്തര ഫലമായി അവൻ അവർക്ക് നൽകിയത്. അല്ലാഹുവോട് അവർ ചെയ്ത വാഗ്ദാനം അവർ ലംഘിച്ചത്കൊണ്ടും ,അവർ കള്ളം പറഞ്ഞിരുന്നതു കൊണ്ടുമാണത്) (തൗബ: 75–77)

### അവിശ്വാസികളുടെ മിത്രങ്ങൾ

സത്യവിശ്വാസികളോട് അടുപ്പം അഭിനയിക്കുകയും അവിശ്വാസികളുമായി ചങ്ങാത്തത്തിലേർപ്പെടുകയും ചെയ്യുന്ന ദ്വിമുഖന്മാരാണ് മുനാഫിക്കുകൾ. ചങ്ങാത്തം കൂടാൻ യോഗ്യരും അന്തസ്സുള്ളവരും കാഫിറുകളാണെന്ന ധാരണയിലാണ് അവരങ്ങനെ ചെയ്യുന്നത്. പക്ഷെ, സകലമാന അന്തസ്സും പരമാധികാരിയും പ്രതാപവാനുമായ അല്ലാഹുവിങ്കൽ നിന്നാണ് ലഭിക്കുക എന്ന കാര്യം ഈ വിഡ്ഢികളുണ്ടോ അറിയുന്നു?! പടച്ചവൻ പറയുന്നത് വായിക്കുക:

الَّذِينَ يَتَّخِذُونَ الْكَافِرِينَ أَوْلِيَاءَ مِنْ دُونِ الْمُؤْمِنِينَ أَيَبْتَغُونَ عِنْدَهُمُ الْعِزَّةَ فَإِنَّ الْعِزَّةَ لِلَّهِ جَمِيعاً (النساء:139)

സത്യവിശ്വാസികളെ വിട്ട് സത്യനിഷേധികളെ ഉറ്റ മിത്രങ്ങളായി സ്വീകരിക്കുന്നവരാകുന്നു അവര്‍. അവരുടെ (സത്യ നിഷേധികളുടെ (അടുക്കല്‍ പ്രതാപം തേടിപ്പോകുകയാണോ അവര്‍? എന്നാല്‍ തീര്‍ച്ചയായും പ്രതാപം മുഴുവന്‍ അല്ലാഹുവിന്റെ അധീനത്തിലാകുന്നു. (നിസാഅ്: 139)

**വിശ്വാസികളുടെ സ്ഥിതിഗതികളെ നീരീക്ഷിക്കുന്നവര്‍**

ഭൗതികമായ നേട്ടങ്ങള്‍ക്കുവേണ്ടി എന്നും സത്യവിശ്വാസികളോടൊപ്പം നിലകൊള്ളുകയും അവരുടെ വിജയ പരാജയങ്ങളെ ഉറ്റുനോക്കി അതിനനുസരിച്ച് നിലപാടുകള്‍ സ്വീകരിക്കുകയും ചെയ്യുന്നവരാണ് മുനാഫിഖുകള്‍. വിജയവേളകളില്‍ മുഅ്മിനുകളോടൊപ്പം കൂട്ടുകൂടുകയും, പ്രതിസന്ധി ഘട്ടങ്ങളില്‍ കാഫിറുകളുടെ കളത്തിലേക്ക് മാറ്റിച്ചവിട്ടുകയും ചെയ്യുന്ന ഈ വര്‍ഗത്തെപ്പറ്റി അല്ലാഹു കൃത്യമായി വിശദീകരിച്ചു:



الَّذِينَ يَتَرَبَّصُونَ بِكُمْ فَإِنْ كَانَ لَكُمْ فَتْحٌ مِنَ اللَّهِ قَالُوا أَلَمْ نَكُنْ مَعَكُمْ وَإِنْ كَانَ لِلْكَافِرِينَ نَصِيبٌ قَالُوا أَلَمْ نَسْتَحْوِذْ عَلَيْكُمْ وَنَمْنَعْكُمْ مِنَ الْمُؤْمِنِينَ فَاللَّهُ يَحْكُمُ بَيْنَكُمْ يَوْمَ الْقِيَامَةِ وَلَنْ يَجْعَلَ اللَّهُ لِلْكَافِرِينَ عَلَى الْمُؤْمِنِينَ سَبِيلاً

(النساء:141)

നിങ്ങളുടെ സ്ഥിതിഗതികള്‍ ഉറ്റുനോക്കിക്കൊണ്ടിരിക്കുന്നവരത്രെ അവര്‍ (കപടവിശ്വാസികള്‍) നിങ്ങള്‍ക്ക് അല്ലാഹുവിങ്കല്‍ നിന്ന് ഒരു വിജയം കൈവന്നാല്‍ അവര്‍ പറയും; ഞങ്ങള്‍ നിങ്ങളുടെ കൂടെയായിരുന്നില്ലേ എന്ന്. ഇനി അവിശ്വാസികള്‍ക്കാണ് വല്ല നേട്ടവുമുണ്ടാകുന്നതെങ്കില്‍ അവര്‍ പറയും ; നിങ്ങളുടെ മേല്‍ ഞങ്ങള്‍ വിജയ സാധ്യത നേടിയിട്ടും വിശ്വാസികളില്‍ നിന്ന് നിങ്ങളെ ഞങ്ങള്‍ രക്ഷിച്ചില്ലേ എന്ന്. എന്നാല്‍ ഉയിര്‍ത്തെഴുന്നേല്‍പിന്റെ നാളില്‍ നിങ്ങള്‍ക്കിടയില്‍ അല്ലാഹു വിധി കല്‍പിക്കുന്നതാണ്. വിശ്വാസികള്‍ക്കെതിരില്‍ അല്ലാഹു ഒരിക്കലും സത്യനിഷേ

ധികൾക്ക് വഴി തുറന്നുകൊടുക്കുന്നതല്ല. (നിസാഅ്: 141)

### സത്യവിശ്വാസികളുടെ പ്രയാസങ്ങളിൽ ആനന്ദിക്കുന്നവർ

മുനാഫിഖുകളുടെ ഏറ്റവും നികൃഷ്ടമായ സ്വഭാവമാണിത്. കൂടെക്കൂടികളായ ഈ വിഭാഗം, സത്യവിശ്വാസികളുടെ നാശത്തിനുവേണ്ടി കൊതിക്കുന്നവരാണ്. അതു കൊണ്ടു തന്നെ അവർക്കുണ്ടാകുന്ന ഏത് പരീക്ഷണങ്ങളിലും പ്രയാസങ്ങളിലും മുനാഫിഖുകൾക്ക് ആനന്ദമാണുള്ളത്. മാത്രമല്ല, സത്യവിശ്വാസികൾ അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹങ്ങളും ജീവിത വിഭവങ്ങളും അനുഭവിക്കുമ്പോൾ ഒരുതരം ആത്മവേദനയാണ് മുനാഫിഖുകൾ അനുഭവിക്കുന്നത്. അല്ലാഹു പറഞ്ഞു:

إِنْ تَمْسَسْكُمْ حَسَنَةٌ تَسُؤْهُمْ وَإِنْ تُصِبْكُمْ سَيِّئَةٌ يَفْرَحُوا بِهَا وَإِنْ تَصْبِرُوا وَتَتَّقُوا لا يَضُرُّكُمْ كَيْدُهُمْ شَيْئاً إِنَّ اللَّهَ بِمَا يَعْمَلُونَ مُحِيطٌ (آل عمران:120)



നിങ്ങൾക്ക് വല്ല നേട്ടവും ലഭിക്കുന്ന പക്ഷം അതവർക്ക് മനഃപ്രയാസമുണ്ടാക്കും. നിങ്ങൾക്ക് വല്ല ദോഷവും നേരിട്ടാൽ അവരതിൽ സന്തോഷിക്കുകയും ചെയ്യും. നിങ്ങൾ ക്ഷമിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നപക്ഷം അവരുടെ കുതന്ത്രം നിങ്ങൾക്കൊരു ഉപദ്രവവും വരുത്തുകയില്ല. തീർച്ചയായും അല്ലാഹു അവരുടെ പ്രവർത്തനങ്ങളുടെ എല്ലാ വശവും അറിയുന്നവനാകുന്നു. (ആലു ഇംറാൻ: 120)

### ഭയപ്പെടുത്തുന്നവർ

പരീക്ഷണങ്ങളും, പ്രയാസങ്ങളും നേരിടുന്ന വേളകളിൽ സത്യവിശ്വാസികളുടെ മനോവീര്യം കെടുത്താനും, അവരെ പേടിപ്പിച്ചു നിർത്താനും, ആത്മധൈര്യം തകർക്കാനും മുനാഫിഖുകൾ ശ്രമിക്കാറുണ്ട്. അതവരുടെ പദ്ധതിയുടെ ഭാഗമാണ്. മുസ്‌ലിം അണികളിൽ നുഴഞ്ഞു കയറി,അവരുടെ യഥാർഥ ശത്രുക്കൾക്ക് പോലും കഴിയാത്ത ദൗത്യങ്ങൾ ആസൂത്രിതമായി നടപ്പിൽ വരുത്തുക എന്നതാണ് ഇക്കൂട്ടരുടെ ലക്ഷ്യം. അതിന്നവർ സ്വീകരിക്കുന്ന നികൃഷ്ടമായ മാർഗങ്ങൾ, ഉമ്മത്തിന്റെ നിരയിൽ വിള്ളലുണ്ടാക്കുക, അവർ

ക്കിടയിൽ കലാപങ്ങളിളക്കി വിടുക, വിശ്വാസീ സമൂഹത്തിന്റെ കെട്ടുറപ്പിന് ഭീഷണിയുയർത്തുക തുടങ്ങിയ കൃത്യങ്ങളാണ്. സത്യവിശ്വാസികളിൽ, അല്ലാഹുവിൽ നിന്നുള്ള സഹായവും വിജയവും വന്നുകിട്ടാൻ പോകുന്നില്ല എന്ന നിരാശയുണ്ടാക്കാൻ കിണഞ്ഞു ശ്രമിച്ചു കൊണ്ടിരിക്കും ഈ കപടന്മാർ.

وَإِذْ يَقُولُ الْمُنَافِقُونَ وَالَّذِينَ فِي قُلُوبِهِمْ مَرَضٌ مَا وَعَدَنَا اللَّهُ وَرَسُولُهُ إِلَّا غُرُوراً (الأحزاب:12)

നമ്മോട് അല്ലാഹുവും അവന്റെ ദൂതനും വാഗ്ദാനം ചെയ്തത് വഞ്ചനമാത്രമാണെന്ന് കപട വിശ്വാസികളും ഹൃദയങ്ങളിൽ രോഗമുള്ളവരും പറയുകയും ചെയ്തിരുന്ന സന്ദർഭം.(അഹ്സാബ്:12)

## പ്രതിസന്ധികളിൽ ഓടിയൊളിക്കുന്നവർ

വിശ്വാസത്തിന്റെ കുപ്പായമണിഞ്ഞ് മുസ്ലിംകളോടൊപ്പം നിൽക്കുന്ന മുനാഫിഖുകൾക്ക്, പ്രതിസന്ധികളിൽ ഉറച്ചു നിൽക്കുന്ന സ്വഭാവമില്ല. യുദ്ധമാകട്ടെ, പരീക്ഷണമാകട്ടെ, ഏതെങ്കിലുമൊരു ദൗത്യത്തിന്റെ ശ്രമകരമായ നിർവഹണമാ



കട്ടെ, കപടവിശ്വാസികളെ സംബന്ധിച്ചിടത്തോളം താങ്ങാനാകാത്തതാണ്. യുദ്ധമുഖത്തുനിന്നും ആദ്യം ഓടിയൊളിക്കുന്നത് ഈ പേടിത്തൊണ്ടന്മാരായിരിക്കും. പ്രശ്നസങ്കീർണ്ണ രംഗങ്ങളിൽ ആരേയും ഒറ്റക്കിട്ടോടുന്ന ഇവരെപ്പറ്റി അല്ലാഹു പറഞ്ഞു:

لَئِنْ أُخْرِجُوا لا يَخْرُجُونَ مَعَهُمْ وَلَئِنْ قُوتِلُوا لا يَنْصُرُونَهُمْ وَلَئِنْ نَصَرُوهُمْ لَيُوَلُّنَّ الْأَدْبَارَ ثُمَّ لا يُنْصَرُونَ (الحشر:12)

അവർ (യഹൂദൻമാർ) പുറത്താക്കപ്പെടുന്ന പക്ഷം ഇവർ(കപടവിശ്വാസികൾ) അവരോടൊപ്പം പുറത്തുപോകുകയില്ല തന്നെ.അവർ ഒരു യുദ്ധത്തെ നേരിട്ടാൽ ഇവർ അവരെ സഹായിക്കുകയുമില്ല. ഇനി ഇവർ അവരെ സഹായിച്ചാൽ തന്നെ ഇവർ പിന്തിരിഞ്ഞോടും,തീർച്ച. പിന്നീട് അവർക്ക് ഒരു സഹായവും ലഭിക്കുകയില്ല.(ഹശ്ർ:12)

## ത്വാഗൂത്തുകളുടെ വിധിതീർപ്പുകളെ അംഗീകരിക്കുന്നവർ

പ്രത്യക്ഷത്തിൽ മുസ്ലിംകളായി ജീവിക്കുന്ന ഇവരുടെ കാപട്യം തിരിച്ചറിയാൻ സാധിക്കു

ന്ന സന്ദർഭങ്ങളിലൊന്നാണ്, തീർപ്പു കൽപിക്കേണ്ടുന്ന പ്രശ്നങ്ങളുണ്ടാകുമ്പോൾ, ഖുർആനിക നിയമങ്ങൾക്കനുസരിച്ചുള്ള വിധി തേടാതെ, അവർ ത്വാഗൂത്തുകളുടെ വിധി തേടിപ്പോകും എന്നത്. അല്ലാഹുവിന്റെ നിയമങ്ങൾ തങ്ങളുടെ അഭീഷ്ടങ്ങൾക്കനുസരിച്ചായിരിക്കുകയില്ല എന്ന് അറിയാവുന്നതു കൊണ്ടാണ് അവർ പടച്ചവന്റെ നിയമങ്ങളിൽ നിന്ന് വിധി തേടാൻ ഒരുക്കമില്ലാത്തത്. അതു കൊണ്ടു തന്നെ മനുഷ്യ നിർമ്മിത നിയമങ്ങളോടും നീതിപീഢങ്ങളോടുമാണ് അവർക്ക് പ്രിയമുള്ളത്. അതിനെയാണവർ മുറുകെപിടിക്കുന്നതും അതനുസരിച്ചാണ് അവർ പ്രവർത്തിക്കുന്നതും. തങ്ങളുടെ തോന്ന്യാവാസങ്ങൾക്കും താത്പര്യങ്ങൾക്കും അനുയോജ്യമായത് പ്രസ്തുത നിയമങ്ങൾ മാത്രമാണ് എന്നവർക്കറിയാം. അല്ലാഹു പറഞ്ഞു:

أَلَمْ تَرَ إِلَى الَّذِينَ يَزْعُمُونَ أَنَّهُمْ آمَنُوا بِمَا أُنْزِلَ إِلَيْكَ وَمَا أُنْزِلَ مِنْ قَبْلِكَ يُرِيدُونَ أَنْ يَتَحَاكَمُوا إِلَى الطَّاغُوتِ وَقَدْ أُمِرُوا أَنْ يَكْفُرُوا بِهِ وَيُرِيدُ الشَّيْطَانُ أَنْ يُضِلَّهُمْ ضَلالاً بَعِيداً وَإِذَا قِيلَ



لَهُمْ تَعَالَوْا إِلَى مَا أَنْزَلَ اللَّهُ وَإِلَى الرَّسُولِ رَأَيْتَ الْمُنَافِقِينَ يَصُدُّونَ عَنْكَ صُدُوداً (النساء:60 و61)

നിനക്ക് അവതരിപ്പിക്കപ്പെട്ടതിലും നിനക്ക് മുമ്പ് അവതരിപ്പിക്കപ്പെട്ടതിലും തങ്ങൾ വിശ്വസിച്ചിരിക്കുന്നു എന്ന് ജൽപിക്കുന്ന ഒരു കൂട്ടരെ നീ കണ്ടില്ലേ ? ദുർമൂർത്തികളുടെ അടുത്തേക്ക് വിധി തേടിപ്പോകാനാണ് അവർ ഉദ്ദേശിക്കുന്നത്. വാസ്തവത്തിൽ ദുർമൂർത്തികളെ അവിശ്വസിക്കുവാനാണ് അവർ കൽപിക്കപ്പെട്ടിട്ടുള്ളത്. പിശാച് അവരെ ബഹുദൂരം വഴിതെറ്റിക്കുവാൻ ഉദ്ദേശിക്കുന്നു.അല്ലാഹു അവതരിപ്പിച്ചതിലേക്കും (അവന്റെ) ദൂതനിലേക്കും നിങ്ങൾ വരൂ എന്ന് അവരോട് പറയപ്പെട്ടാൽ ആ കപടവിശ്വാസികൾ നിന്നെ വിട്ട് പാടെ പിന്തിരിഞ്ഞ് പോകുന്നത് നിനക്ക് കാണാം.

## തിന്മയുടെ പ്രചാരകർ

നന്മയോട് ആഭിമുഖ്യമില്ലാത്തവരാണ് മുനാഫിഖുകൾ. സമൂഹത്തിൽ പരാമാവധി തിന്മകൾ നിലനിന്നു കാണാൻ പരസ്പരം മത്സരിക്കുന്നവ

രാണവർ. അല്ലാഹു മുനാഫിഖുകളുടെ ഈ ദുഷ്ട സ്വഭാവത്തെ വിശുദ്ധ ഖുർആനിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

الْمُنَافِقُونَ وَالْمُنَافِقَاتُ بَعْضُهُمْ مِنْ بَعْضٍ يَأْمُرُونَ بِالْمُنْكَرِ وَيَنْهَوْنَ عَنِ الْمَعْرُوفِ وَيَقْبِضُونَ أَيْدِيَهُمْ نَسُوا اللَّهَ فَنَسِيَهُمْ إِنَّ الْمُنَافِقِينَ هُمُ الْفَاسِقُونَ (التوبة: 67)

കപടവിശ്വാസികളും കപടവിശ്വാസിനികളും എല്ലാം ഒരേ തരക്കാരാകുന്നു. അവർ ദുരാചാരം കൽപിക്കുകയും, സദാചാരത്തിൽ നിന്ന് വിലക്കുകയും, തങ്ങളുടെ കൈകൾ അവർ പിൻവലിക്കുകയും ചെയ്യുന്നു. അവർ അല്ലാഹുവെ മറന്നു. അപ്പോൾ അവൻ അവരെയും മറന്നു. തീർച്ചയായും കപടവിശ്വാസികൾ തന്നെയാണ് ധിക്കാരികൾ. (തൗബ: 67)

## അവസരവാദികൾ

അവസരങ്ങൾക്കനുസരിച്ച് നിറം മാറാനും, ആളുകൾക്കനുസരിച്ച് അടുപ്പവും ദാസ്യഭാവവും പ്രകടിപ്പിക്കാനും നാണമില്ലാത്തവരാണ് മുനാഫിഖുകൾ. തങ്ങളുടെ നിഫാഖിന്റെ താത്പര്യം നട



ന്നു കാണാൻ ഏതുവിധത്തിലുള്ള തരം താണ ഏർപ്പാടുകളും അവർ ചെയ്യും. ഏതെങ്കിലുമൊരു വിശ്വാസ സംഹിതയൊ, പ്രത്യേകം സദാചാര ബോധമോ ഇല്ലാത്ത ഈ കപടന്മാർ, തങ്ങളുടെ അവസരവാദ നിലപാടുകളിൽ യാതൊരു തരത്തിലുള്ള മനസ്സാക്ഷിക്കുത്തും ഇല്ലാത്തവരാണ്. ലക്ഷ്യ സാക്ഷാൽകാരത്തിനുവേണ്ടി ആരുടെ കാലു പിടിക്കാനും,ആരുടെ മുന്നിലും തലകുനിക്കാനും, ആരുടെ കൈപിടിച്ചു തടവാനും, ഏതൊരനർഹനെ പുകഴ്ത്താനും, ഏത് നല്ല മനുഷ്യനെ തെറിവിളിക്കാനും മുനാഫിഖുകൾക്ക് ലജ്ജയുണ്ടാവുകയില്ല എന്നതാണ് വാസ്തവം. ഏതു വിധേനയും തന്റെ കാര്യങ്ങൾ നടന്നു കാണണം എന്ന ചിന്ത മാത്രമായിരിക്കും അവന്റേത്.

## അപവാദ പ്രചാരകർ

മുനാഫിഖുകൾക്ക് ഏറെ പ്രിയമുള്ള സംഗതിയാണ് അപവാദപ്രചരണം. തങ്ങളുടെ പ്രതിയോഗികളെ തകർക്കാൻ ഈ മാർഗമവലംബിക്കുന്നതിലായിരിക്കും അവരുടെ തികഞ്ഞ ശ്രദ്ധ. വസ്തുതകളെ കോട്ടിമാട്ടിയും സന്ദേഹങ്ങൾ കൂട്ടിച്ചേർത്തും പൊതുജനം സമർപ്പിക്കാൻ മിടുക്കന്മാ

രാണ് മുനാഫിഖുകൾ. ഉമ്മുൽ മുഅ്മിനീൻ ആയിഷ(ﷺ)യെപ്പറ്റി മുനാഫിഖുകൾ അപവാദ പ്രചരണം നടത്തിയ ചരിത്രം വിശ്രുതമാണല്ലൊ.

## ഇസ്‌ലാമിന്റെ വക്താക്കളായി അഭിനയിക്കുന്നവർ

പ്രത്യക്ഷത്തിൽ മുസ്‌ലിം ധാരയിലുള്ളവരായി അറിയപ്പെടുന്നതിനാൽ, ഇസ്‌ലാമിന്റെ പേരിൽ വികല ചിന്തകളും, തെറ്റായ ധാരണകളും സൃഷ്ടിക്കാനും മുനാഫിഖുകൾ ശ്രമിക്കാറുണ്ട്. ഇസ്‌ലാമിന്റെ അധ്യാപനങ്ങളേയും മാർഗനിർദ്ദേശങ്ങളേയും അസത്യങ്ങളും അർദ്ധസത്യങ്ങളും കൂട്ടിച്ചേർത്തവതരിപ്പിക്കുന്നതിലും മുനാഫിഖുകളുടെ പങ്ക് കുപ്രസിദ്ധമാണ്.

## ഭിന്നിപ്പിന്റെ ആസൂത്രകന്മാർ

മുസ്‌ലിം ഉമ്മത്തിന്റെ ഭദ്രമായ സംഘശക്തിയേയും, ഐക്യനിരയേയും, കഴിവുകളേയും ചിന്നഭിന്നമാക്കാനുള്ള നിരന്തര ശ്രമം മുനാഫിഖുകളുടെ കൈമുതലാണ്. പക്ഷം തിരിഞ്ഞ ഭിന്നിപ്പിന്റെ ചിന്തകൾ വ്യക്തികൾക്കിടയിൽ ആസൂത്രിതമായി ഇളക്കിവിടാനും അങ്ങനെ അവരുടെ മ



നോവീര്യം തകർക്കാനും മുനാഫിഖുകൾ ശ്രദ്ധിക്കാറുണ്ട്. തങ്ങളുടെ ഈ ദുഷ്ട തന്ത്രം വിജയിക്കുകയാണെങ്കിൽ, അതുവഴി ഇസ്‌ലാമിനെ തകർക്കാനും, അകത്തും പുറത്തുമുള്ള ശത്രുക്കളെ ഇസ്‌ലാമിന്റെ താക്കോൽ കേന്ദ്രങ്ങളിൽ അവരോധിക്കാനും സാധിക്കും എന്ന ചിന്തയാണ് അവരെ ഈ കൃത്യത്തിന് പ്രേരിപ്പിക്കുന്നത്.

## ശത്രുക്കളെ സംബന്ധിച്ച് തെറ്റായ ചിത്രം നൽകുന്നവർ

മുസ്‌ലിം ഉമ്മത്തിന്റെ ഉത്തരവാദപ്പെട്ട സ്ഥാനങ്ങളിലിരിക്കാൻ അവസരം കിട്ടുകയോ, അത്തരം സ്ഥാനങ്ങളിലിരിക്കുന്നവരുമായി അടുപ്പത്തിന് സാധ്യത കൈവരുകയോ ചെയ്താൽ നിരുത്തരവാദ പരമായ സമീപനമായിരിക്കും മുനാഫിഖുകളുടേത്. ഇസ്‌ലാമിന്റെ പ്രത്യക്ഷ ശത്രുക്കളെ ചിത്രത്തിന് വെളിയിൽ നിർത്താനോ, അവരെ സംബന്ധിച്ചുള്ള വിവരങ്ങൾ പൂഴ്ത്തിവെക്കാനോ ആയിരിക്കും അവർ ശ്രമിക്കുക. അതുമല്ലെങ്കിൽ, പ്രതിയോഗികളെ കുറിച്ചുള്ള വ്യക്തമായ ധാരണ വിശ്വാസകൾക്ക് കൃത്യമായി ലഭിക്കാതിരിക്കാൻ

പാകത്തിൽ അവരെ സംബന്ധിച്ച് തെറ്റായ വിവരങ്ങളായിരിക്കും നൽകുക.

### ചാരപ്പണിയും ശത്രുസേവനവും

മുനാഫിഖുകളുടെ ഏറ്റവും സുപ്രധാനമായ ദൗത്യമാണിത്. തങ്ങളുമായി ബന്ധപ്പെടുന്ന ഇസ്ലാമിന്റെ ബാഹ്യ ശത്രുക്കൾക്ക് മുസ്ലിംകളുടെ സംരംഭങ്ങളെ സംബന്ധിച്ചും, അവരുടെ പദ്ധതികളെ കുറിച്ചും, പ്രമുഖ വ്യക്തിത്വങ്ങളെ സംബന്ധിച്ചും, സൈനിക ശേഷി, ആസൂത്രണങ്ങൾ എന്നിവയെ സംബന്ധിച്ചും ചൂഴ്ന്നറിഞ്ഞ് യഥാസമയങ്ങളിൽ അറിവു നൽകുക എന്ന സേവനം കൃത്യമായി നിർവഹിക്കുന്നവരാണ് മുനാഫിഖുകൾ. ഒരുനാൾ, അല്ലാഹുവിന്റെ കഠിനമായ ശിക്ഷ ഇത്തരം സ്വഭാവക്കാരിൽ ഉണ്ടായിത്തീരുമെന്ന കാര്യത്തിൽ ഒരു അത്ഭുതത്തിനും വകയില്ല! അല്ലാഹു പറഞ്ഞു:

إِنَّ الْمُنَافِقِينَ فِي الدَّرْكِ الأَسْفَلِ مِنَ النَّارِ وَلَن تَجِدَ لَهُمْ نَصِيرًا

(سورة النساء:145)



തീർച്ചയായും കപടവിശ്വാസികൾ നരകത്തിന്റെ അടിത്തട്ടിലാകുന്നു. അവർക്കൊരു സഹായിയെയും നീ കണ്ടെത്തുന്നതല്ല. (നിസാഅ്: 145)

അല്ലാഹുവേ, നീ ഇസ്ലാമിന്നും മുസ്ലിംകൾക്കും അന്തസ്സും പ്രതാപവും നൽകേണമേ, ശിർക്കിനേയും, ശിർക്കിന്റെ പ്രചാരകരേയും നീ പരാജയപ്പെടുത്തേണമേ. ആമീൻ

وصلى الله وسلم على نبينا محمد, وعلى آله وصحبه أجمعين.

*******